കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കേ മരണമടഞ്ഞ രവികുമാർ പി.എൻ ന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി.ലതിക എം.വി - ആശ്രിത നിയമന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം. **97/2021/ തസ്വഭവ.** തീയതി, തിരുവനന്തപുരം **01/06//2021.**

പരാമർശം : 1) ജി.ഒ.(പി) നം. 12/99/ പി & എ ആർ.ഡി തീയതി, 24.05.1999.

2) ശ്രീമതി.ലതിക എം.വിയുടെ 30.04.2019 ലെ അപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 18.11.2019- ലെ PAN/12793/2019- E14(DP) നമ്പർ കത്ത്.

4) തൃശ്ശൂർ ജില്ലാ കളക്ടറുടെ 15.01.2021 -ലെ DCTSR/4051/2020- A6 നം.കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കേ മരണമടഞ്ഞ രവികുമാർ പി.എൻ ന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി.ലതിക എം.വി സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പരേതനായ രവികുമാർ പി.എൻ -ന് 19 വർഷവും 05 മാസവും 22 ദിവസവും സേവനകാലമുണ്ട്.

തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കേ 27.07.2018 ലാണ് രവികുമാർ പി.എൻ നിര്യാതനാവുന്നത്. അപേക്ഷകയായ ശ്രീമതി.ലതിക എം.വി പരേതന്റെ ഭാര്യയാണ്. ടിയാരി നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 19.05.1981 ആണ്. അപേക്ഷകയ്ക്ക് 39 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക എസ്.എൽ.എസി പരീക്ഷ പസായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ രവികുമാർ പി.എൻ യുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാരിയുടെ കുടുംബവാർഷിക വരുമാനം 2,30,400/-രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും തൃശ്ശൂർ ജില്ലാ കളക്ടറും ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കേ മരണമടഞ്ഞ രവികുമാർ പി.എൻ ന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി.ലതിക എം.വി (പടിഞ്ഞാറേപുരയ്ക്കൽ ഹൗസ്,പെരിങ്ങാവ് പി.ഒ, തൃശ്ശൂർ-680 018.) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും, ടി നിയമനം നിശ്ചിത ശതമാനത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിലും തൃശ്ശൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ ആദ്യം ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

മരണമടഞ്ഞ രവികുമാർ പി.എൻ യുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാരിക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
**ഗവ.അഡിഷണൽ സെക്രട്ടറി**

ശ്രീമതി.ലതിക എം.വി (പടിഞ്ഞാറേപുരയ്ക്കൽ ഹൗസ്,പെരിങ്ങാവ് പി.ഒ,തൃശ്ശൂർ-680 018) തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, തൃശ്ശൂർ.
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെ ബ്സൈ റ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/ 24/ 2020/ തസ്വഭവ)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ